# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6262 20-11-2019-ലെ മറുപടി

**കമാൻഡ് ഏരിയ ഡെവലപ് മെന്റ് അതോറിറ്റിയുടെ പ്രവർത്തനങ്ങൾ**

ചോദ്യം മറുപടി

ശ്രീ. എൻ .എ.നെല്ലിക്കുന്ന് കെ.കൃഷ്ണൻകുട്ടി
ജലവിഭവ വകുപ്പുമന്ത്രി

| | | | |
|---|---|---|---|
| എ) | കമാൻഡ് ഏരിയ ഡെവലപ് മെന്റ് അതോറിറ്റിയുടെ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ, | എ) | 1985 ൽ രൂപീകൃതമായ കമാന്റ് ഏരിയ ഡെവലപ് മെന്റ് അതോറിറ്റി (CADA) യുടെ ലക്ഷ്യം ഗുണഭോക്താക്കളായ കർഷകരുടെ ആവശ്യ പ്രകാരം തയ്യാറാക്കുന്ന പദ്ധതികൾ അവരുടെ സജീവ പങ്കാളിത്തോടെ ശാസ്ത്രീയമായ രീതിയിൽ നടപ്പിലാക്കുകയെന്നുള്ളതാണ്. ഓരോ സ്രോട്ടുകളിലെയും ആയക്കെട്ടിലെ തെരഞ്ഞെടുക്കപ്പെട്ട കർഷകരെ ഉൾപ്പെടുത്തിയ കർഷക സമിതികളും കനാൽ കമ്മിറ്റികളും പ്രൊജക്ട് കമ്മിറ്റികളും ചേർന്നതാണ് കാഡായുടെ പ്രവർത്തനഘടകം. 07/02/2017ലെ സ.ഉ(കൈ) നം.7/2017/ജവിവ പ്രകാരം കാഡാ നിർത്തലാക്കി. കാഡാ ചാനലുകളുടെ നവീകരണം അതാതു പ്രൊജക്ടുകളുടെ ആക്ഷൻ പ്ലാനിൽ ഉൾപ്പെടുത്തിയാണ് ഇപ്പോൾ നടത്തി വരുന്നത്. |
| ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഈ അതോറിറ്റി നടത്തിയ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് ജില്ല തിരിച്ച് അറിയിക്കാമോ, | ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എറണാകുളം ജില്ലയിൽ മൂവാറ്റുപുഴവാലി ഇറിഗേഷൻ പ്രോജക്ട് CADWM പ്രവർത്തനങ്ങൾക്ക് 10 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയതിൽ 2.48 കോടിക്കുള്ള 27 പ്രവൃത്തികൾ ടെണ്ടർ ചെയ്യുകയും പ്രവർത്തനങ്ങൾ ആരംഭിച്ച് ജില്ലയിൽ 4 പ്രവൃത്തികൾ പൂർത്തീകരിക്കുകയും ചെയ്തു.<br>പാലക്കാട് ജില്ലയിൽ കാഡാ പ്രവൃത്തികൾക്കായി 2018-19 വർഷത്തിൽ 9 |

<table>
<tr><td></td><td></td><td></td><td>കോടി രൂപയും 2019-20 വർഷത്തിൽ 10 കോടി രൂപയും ഭരണാനുമതി നൽകിയിട്ടുണ്ട്. 2018-19 വർഷത്തിൽ ഏറ്റെടുത്ത പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.</td></tr>
<tr><td>സി)</td><td>അതോറിറ്റിയുടെ പ്രവർത്തനങ്ങൾക്ക് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ചെലവഴിച്ച തുക എത്രയാണെന്ന് ജില്ല തിരിച്ച് വെളിപ്പെടുത്താമോ;</td><td>സി)</td><td>പാലക്കാട് ജില്ലയിൽ ഉൾപ്പെട്ട കാഡാ പ്രവൃത്തികൾക്ക് ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.
<table>
<tr><th>വർഷം</th><th>തുക</th></tr>
<tr><td>2016-17</td><td>2043.40 ലക്ഷം</td></tr>
<tr><td>2018-19</td><td>519.60 ലക്ഷം</td></tr>
</table></td></tr>
<tr><td>ഡി)</td><td>ഇനി ചെയ്യാനുദ്ദേശിക്കുന്ന കമാൻഡ് ഏരിയ ഡെവലപ് മെന്റ് അതോറിറ്റിയുടെ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ?</td><td>ഡി)</td><td>എറണാകുളം ജില്ലയിൽ മൂവാറ്റുപുഴ വാലി ഇറിഗേഷൻ പദ്ധതിയുടെ PMKSY CADWM ൽ ഫീൽഡ് ഡ്രെയിൻ നിർമ്മാണം, സിസ്റ്റം കറക്ഷൻ എന്നിവയുടെ 26 പ്രവൃത്തികളും കോട്ടയം ഫീൽഡ് ചാനൽ, സിസ്റ്റം കറക്ഷൻ എന്നിവയുടെ 27 പ്രവൃത്തികളും ടെണ്ടർ ചെയ്തിട്ടുണ്ട്. കൂടാതെ എറണാകുളം ജില്ലയിൽ ഫീൽഡ് ചാനൽ, ഫീൽഡ് ഡ്രെയിൻ നിർമ്മാണം, സിസ്റ്റം കറക്ഷൻ മൈക്രോഇറിഗേഷൻ ഉൾപ്പെടെയുള്ള 28 പ്രവൃത്തികൾക്കും കോട്ടയം ജില്ലയിൽ ഫീൽഡ് ചാനൽ, മൈക്രോഇറിഗേഷൻ എന്നിവയ്ക്കും ഇടുക്കി ജില്ലയിലെ ഫീൽഡ് ചാനൽ നിർമ്മാണത്തിനും അംഗീകാരം നൽകിയിട്ടുണ്ട്. ടെണ്ടർ നടപടികൾ സ്വീകരിച്ചുവരുന്നു.<br>പാലക്കാട് ജില്ലയിലെ മലമ്പുഴ, മംഗലം, ചേരാമംഗലം, പോത്തുണ്ടി, ചിറ്റൂർപ്പുഴ എന്നീ പദ്ധതിയ്ക്ക് കീഴിലെ ഫീൽഡ് ചാനൽ നവീകരണവുമായി ബന്ധപ്പെട്ട് 2019-20 വർഷത്തേക്ക് അനുമതി നൽകിയിട്ടുള്ള കാഡാ പ്രവൃത്തികൾ ഏറ്റെടുത്തു നടത്തുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.</td></tr>
</table>

സെക്ഷൻ ഓഫീസർ